LIBRARY ARCHIVES Kerala Legislative Assembly

മാരുടെ പേരിലുള്ള പ്രത്യേക വികസന പദ്ധതിയുടെ (എസ്.ഡി.എഫ്.) നടത്തിപ്പ് ചുമതല അതത് ജില്ലാ കളക്ടർമാർക്കായതിനാൽ മുൻപറഞ്ഞ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസൽ സാംസ്കാരികകാര്യ വകുപ്പിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 17-2-2021-ൽ കൈമാറിയിട്ടുണ്ട്. ചരിത്ര പ്രാധാന്യമുള്ള അയ്യൻകാളി സ്മാരകം സംരക്ഷിക്കുന്ന കാര്യം സർക്കാർ ആലോചിക്കും. ആവശ്യമായ പ്രവർത്തനങ്ങൾ നടത്താനുള്ള നിയമപരമായ സാധ്യത സാംസ്കാരിക വകുപ്പ് അടിയന്തരമായി ആലോചിക്കും.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമപദ്ധതി

64 (3770) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരമുള്ള പട്ടികജാതി കോളനി നവീകരണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അത് അതിവേഗത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കല്ലുംപുറം പൊരിബസാർ കോളനിയിലെ പ്രവൃത്തികൾ ആഗസ്റ്റ് 30-നുള്ളിലും ഐ.എച്ച്.ഡി.പി. ചാമക്കാല കോളനിയിലെ പ്രവൃത്തികൾ സെപ്റ്റംബർ 30-നുള്ളിലും തീർക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലഭിച്ച അപേക്ഷകൾ

65 (3771) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഏറനാട് നിയോജകമണ്ഡലത്തിൽനിന്ന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചികിത്സാ സഹായം,

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സഹായം എന്നിവയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് ഏറനാട് നിയോജകമണ്ഡലത്തിൽ നിന്ന് പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായത്തിനായി 693 അപേക്ഷകളും വിദ്യാഭ്യാസാനുകൂല്യത്തിനായി 2570 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ചികിത്സാ ധനസഹായത്തിനായി 2710 അപേക്ഷകളും വിദ്യാഭ്യാസാനുകൂല്യത്തിനായി 210 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) അവയിൽ എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽ അർഹതയുള്ള 671 അപേക്ഷകർക്ക് ചികിത്സാ ധനസഹായവും, 2495 പേർക്ക് വിദ്യാഭ്യാസാനുകൂല്യവും നൽകുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിൽ എല്ലാ അപേക്ഷകളിലും അർഹമായ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

66 (3772) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ നിലവിലില്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. പട്ടികജാതി വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

പട്ടികജാതി വകുപ്പിലെ ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.